# Deepika

## 27 August 2018

## Kochi; After Flood, Relief ,Flood Disaster,



# ദുരിതമുഖത്ത് കാരുണ്യഹസ്തവുമായി കുന്നത്തുനാട് പോലീസ്

**കിഴക്കമ്പലം:** ദുരിതമുഖത്ത് കാരുണ്യഹസ്തവുമായി കുന്നത്തുനാട് പോലീസ്. വെള്ളപ്പൊക്കത്തിൽ സർവതും നഷ്ടപ്പെട്ട മഴുവന്നൂർ പഞ്ചായത്തിലെ നുറോളം കുടുംബങ്ങൾക്കാണ് കൈത്താങ്ങായി കുന്നത്തുനാട് പോലീസ് രംഗത്തെത്തിയത്.

സ്റ്റേഷൻ പരിധിയിലെ പ്രളയബാധിത കുടുംബങ്ങൾക്കായി ബെഡ്ഷീറ്റ്, അരി, മറ്റു നിത്യോപയോഗ സാധനങ്ങൾ അടക്കമുള്ളവയാണ് പോലീസ് വിതരണം ചെയ്തത്.

വെള്ളപൊക്കത്തിൽ കേടുപാടുകൾ സംഭവിച്ച വീടുകൾ ശുചീകരിച്ച് ഉപയോഗപ്രദമാക്കാനും പോലീസുദ്യോഗസ്ഥർ നേതൃത്വം നൽകി. സ്റ്റേഷൻ ജോലിയുടെ പിരിമുറുക്കത്തിൽ നിന്ന് ജനങ്ങൾക്കിടയിലേക്കിറങ്ങിയ പോലീസിന് പിന്തുണയുമായി നാട്ടുകാരും പ്രവർത്തനങ്ങളിൽ പങ്കാളികളായി.

കുന്നത്തുനാട് സിഐ ജെ. കുര്യാക്കോസ്, എസ്.ഐമാരായ ടി. ദിലീഷ്, ഷൈജൻ, ജോൺ, എ എസ്ഐ മാരായ ഏലിയാസ്, സക്കറിയ, കുര്യച്ചൻ, പോലീസുദ്യോഗസ്ഥരായ ജമാൽ, സജീവ്, ജബാർ, വേണുഗോപാൽ, സജി, ദിനിൽ, ബോബി, മനാഫ്, മനോജ് എന്നിവരും പങ്കെടുത്തു.